പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | നീക്കി വച്ച തുക |
|---|---|
| 2011-12 | 1,82,16,000 |
| 2012-13 | 1,82,16,000 |
| 2013-14 | 2,11,40,000 |
| 2014-15 | 2,40,20,000 |
| 2015-16 | 2,66,85,000 |

ഇതിൽ 2013 മാർച്ച് മാസംവരെ 550 രൂപ വീതവും 2013 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ 650 രൂപ വീതവും ഏപ്രിൽ 2014 മുതൽ 750 രൂപ വീതവുമാണ് കലാകാര പെൻഷൻ നൽകിവരുന്നത്.

(ബി) 8-11-1999-ലെ സ.ഉ. (എംഎസ്.) നമ്പർ 49/99/സിഎഡി ഉത്തരവ് പ്രകാരമാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കലാരംഗങ്ങളിൽ ഉള്ളവർക്കും പെൻഷൻ അനുവദിക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 15,000 രൂപ വീതം 5 നാടൻ കലാകാരൻമാർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഇതിൽ തിരുവാതിരക്കളി, മാപ്പിള കലകൾ, നാഗക്കളം, പുള്ളുവൻപാട്ട്, മാരിത്തെയ്യം, ചിമ്മാനക്കളി, പൂരക്കളി, മറത്തുകളി എന്നീ വിഭാഗത്തിൽപ്പെട്ട കലാകാരൻമാർ ഉൾപ്പെടുന്നു. ഇതിനായി 75,000 രൂപ ചെലവാക്കിയിട്ടുണ്ട്.

**കരുമാടി ബുദ്ധപ്രതിമ സംരക്ഷിക്കാൻ നടപടി**

**67 (2700)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ കരുമാടി ബുദ്ധപ്രതിമ സ്ഥിതിചെയ്യുന്ന പ്രദേശത്ത് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ഇക അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അമ്പലപ്പുഴ കരിമാടിക്കുട്ടൻ പ്രതിമ സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഇതിനകംതന്നെ അടിയന്തര സംരക്ഷണ/വികസന പ്രവർത്തനങ്ങളായ സംരക്ഷിത പ്രദേശത്തിന്റെ ചുറ്റുമതിൽ നിർമ്മാണം, സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യ മൊരുക്കൽ, കാവൽപ്പുര, ബുദ്ധസ്തൂപത്തിന് ചുറ്റുമുള്ള കരിങ്കൽ വിരിച്ച നടപ്പാത എന്നിവയും സ്മാരകത്തിലേക്ക് വൈദ്യുതി ബന്ധം, വൈദ്യുതീകരണം എന്നിവയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ നാമഫലകങ്ങളും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തന ങ്ങൾക്കായി പുരാവസ്തു വകുപ്പിന്റെ തനതു ഫണ്ടിൽനിന്ന് 12,34,537 (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി മുപ്പത്തേഴ്) രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഉമൈത്താനകത്ത് കഞ്ഞികാദറിന് സ്മാരകം**

**68 (2701)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രട്ടീഷുകാരുമായുള്ള സ്വാതന്ത്ര്യസമര പോരാട്ടത്തിൽ രക്തസാക്ഷിയായ ഉമൈത്താനകത്ത് കഞ്ഞികാദർ മലപ്പുറം ജില്ലയിലെ താനൂർ സ്വദേശിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ദേഹത്തിന് സമുചിതമായ ഒരു സ്മാരകവും താനൂരിൽ ഇല്ലായെന്ന കാര്യം അറിയാമോ ;

(സി) കഞ്ഞികാദറിന്റെ സ്മരണയ്ക്കായി താനൂരിൽ ഒരു സ്മാരകം പണിയുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയാം.

(സി&ഡി) ഇതു സംബന്ധമായ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly